HLM-0137

The Heavenly Light Ministry

1. നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ
നിൻ ക്രൂശു ഞാൻ വഹിക്കെന്നാലുമേ
എൻ ഗീതം എന്നുമേ, നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

2. ദാസൻ യാക്കോബെപ്പോൽ രാകാലത്തിൽ
വൻ കാട്ടിൽ കല്ലിന്മേൽ ഉറങ്ങുകിൽ
എൻ സ്വപ്നത്തിലുമേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

3. നീ എന്നെ നടത്തും പാത എല്ലാം
വിൺ എത്തും ഏണിപോൽ പ്രകാശമാം
ദൂതർ വിളിക്കുന്നേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

4. ഉണർന്നു ഞാൻ നിന്നെ സ്തുതിച്ചിടും
കൽ തലയിണയെ ബെഥേലാക്കും
എൻ തുമ്പത്താലുമെ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

5. ആകാശമാർഗ്ഗമായ് മഹോന്നതേ
പറന്നുപോകിലും സന്തോഷമേ
എൻ ഗീതം എന്നുമേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ